# <u>കിര്ഗീസ് റിപ്പബ്ലിക് വിദേശകാര്യ മന്ത്രിയുടെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം</u>

ഫെബ്രുവരി 14, 2014

1. കീര്ഗീസ് റിപ്പബ്ലിക് വിദേശകാര്യ മന്ത്രി ആദരണീയനായ ശ്രീ എറിയാന് അബ്ദില്ദേവ് ഔദ്യോഗികമായി ഇന്ത്യ സന്ദര്ശിച്ചു. ഫെബ്രുവരി 13 മുതല് 15 വരെയായിരുന്നു ( ഫെബ്രുവരി 13-15) സന്ദര്ശനം . ഇന്ത്യയുടെ വിദേശകാര്യ മന്ത്രി ശ്രീ സല്മാന് ഖുര്ഷിദിന്റെ ക്ഷണം സ്വീകരിച്ചായിരുന്നു സന്ദര്ശനം . ശ്രീ ഖുര്ഷിദുമായി വിശദമായ ചര്ച്ചകള് കീര്ഗീസ് വിദേശകാര്യമന്ത്രി നടത്തി വ്യാപാര വ്യവസായ സഹമന്ത്രി ശ്രീ സുദര്ശന് നാചിയപ്പനുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ചിന്തകര് , ഇന്ത്യ സെന്ട്രല് ഏഷ്യ ഫൌണ്ടേഷന്, ഇന്ത്യ -കീര്ഗീസ് സൌഹൃദ സൊസൈറ്റി എന്നിവരുമായും അദ്ദേഹം ചര്ച്ചകള് നടത്തി .

2. ഉഭയകക്ഷി ബന്ധങ്ങളില് ഉണ്ടായിട്ടുള്ള സമഗ്രമായ പുരോഗതികള് കീര്ഗീസ് വിദേശകാര്യ മന്ത്രിയും ഇന്ത്യയുടെ വിദേശകാര്യ മന്ത്രിയും വിശദമായി വിലയിരുത്തുകയുണ്ടായി. ഇപ്പോഴുള്ള അന്താരാഷ്ട്ര മേഖലാ വിഷയങ്ങളും മന്ത്രിമാര് ചര്ച്ച ചെയ്യുകയുണ്ടായി .

3. പരസ്പരമുള്ള നിയമ സഹായത്തിന് സഹകരിക്കുന്ന ഒരു ഉഭയകക്ഷി സഖ്യം , നയതന്ത്രജ്ഞര് , ഉദ്യോഗസ്ഥര് , സേവന പാസ്പോര്ട് ഉടമകള് എന്നിവര്ക്ക് വിസ കൈവശം വയ്ക്കാതെ സഞ്ചരിക്കുന്നതിന് വേണ്ട കരാര് എന്നിവയെ കുറിച്ചു പ്രവര്ത്തിക്കുവാന് ഉതകുന്ന രേഖകള് ചര്ച്ചകളെ തുടര്ന്നു ഇരു വിഭാഗങ്ങളും കൈമാറി .

4. കിര്ഗീസ് റിപ്പബ്ലിക് അടുത്ത വര്ഷങ്ങളില് ആലോചനസഭാപരമായ ജനാധിപത്യ രാഷ്ട്രീയ വഴിയാണ് സ്വീകരിച്ചിരിക്കുന്നത്  അത് ഇന്ത്യയുടേതുമായി സാമ്യവുമുണ്ടു. ജനപ്രതിനിധി വിനിമയം കൂടുതല് വര്ദ്ധിപ്പിക്കുവാന് ഇരു വശങ്ങളും തീരുമാനിച്ചു. ഈ വര്ഷാവസാനത്തോടെ  ഇന്ത്യ സന്ദര്ശിക്കുവാന് ഉദ്ദേശിക്കുന്ന  കിര്ഗീസ് ജനപ്രതിനിധികളുടെ സംഘത്തെ  ഇന്ത്യയുടെ വിഭാഗം സ്വാഗതം ചെയ്തു

5. ബിഷ്കേക്കില് ജൂലൈ 2013 ല് നടന്ന വ്യാപാരം, സാമ്പത്തികം , ശാസ്ത്രം, സാങ്കേതികവിദ്യ , സാംസ്കാരിക സഹകരണം എന്നിവയിലുള്ള ആറാമത് ഇന്ത്യ- കിര്ഗീസ് റിപ്പബ്ലിക് ഇന്ററ്- ഗവണ്മെന്റല് കമ്മീഷന് പ്രോട്ടോക്കോള് നടപ്പിലാക്കിയതിലെ പുരോഗതിയില് ഇരു രാജ്യങ്ങളും സംതൃപ്തി പ്രകടിപ്പിച്ചു . സാധ്യതകളേക്കാള് വളരെ താഴെ ആണ് വ്യാപാര നിലവാരം എന്നു അവര് നിരീക്ഷിച്ചു.  ഉഭയകക്ഷി വ്യാപാരം വര്ദ്ധിപ്പിക്കുവാനുള്ള നടപടികള് കൂട്ടുവാന് അവര് തീരുമാനിച്ചു. ഉഭയകക്ഷി നിക്ഷേപ സഹകരണത്തിന് പ്രധാനപ്പെട്ട മേഖലകള് ആയ ഖനനം , ഫാര്മസ്യൂട്ടിക്കല് , വസ്ത്രം , ഗാര്മെന്റ് വ്യവസായം , ഗതാഗതം ,വിനിമയം , വിദ്യാഭ്യാസം , ആരോഗ്യം, വിനോദ സഞ്ചാരം  എന്നിവ അവര് ചൂണ്ടിക്കാട്ടി . കിര്ഗീസ് റിപ്പബ്ലിക്കിലേക്ക് ഇന്ത്യയുടെ വ്യാപാര മേഖലയില് നിന്നുമുള്ള പ്രതിനിധികളുടെ  സന്ദര്ശനം ചെയ്യാനുദ്ദേശിച്ചതിനെ ഇരു വിഭാഗങ്ങളും സ്വാഗതം ചെയ്തു. ഇതിന്റെ ഭാഗമായി ഇന്ത്യ- കിര്ഗീസ് റിപ്പബ്ലിക് സംയുക്ത ബിസിനസ് കൌണ്സിലും ആസൂത്രണം ചെയ്തു .

6. വളരെ ശക്തവും തുടരുന്നതുമായ വികസന പങ്കാളിത്തം ഇന്ത്യയും കിര്ഗീസ് റിപ്പബ്ലിക്കും തമ്മിലുണ്ട് . തലാസിലെ

ഉരുളക്കിഴങ്ങു സംസ്ക്കരണ പ്ലാന്റ് കമ്മീഷന് ചെയ്തത് ഇതിന്റെ ഉദാഹരണമായി ഇരു വിഭാഗവും ചൂണ്ടിക്കാട്ടി. ബിഷ്കേക്കില് ഐടി മേഖലയില് വിജയകരമായി നടപ്പാക്കിയ ഐ ടി സെന്റര് ഫോര് എക്സലന്സും അതോടൊപ്പം ആസൂത്രണം ചെയ്ത പാന് സെന്ട്രല് ഏഷ്യ ഈ നെറ്റ് വര്ക്കിലെ പുരോഗതിയും മന്ത്രിമാര് ചൂണ്ടിക്കാട്ടി .

7. സൂരജ്കുണ്ട് മേളയില് കീര്ഗീസ് സാംസ്ക്കാരിക സംഘം നടത്തിയ സന്ദര്ശനത്തെ ഇന്ത്യയുടെ വിഭാഗം അഭിനന്ദനം പ്രകടിപ്പിക്കുകയും ഉഭയകക്ഷി സാംസ്ക്കാരിക വിനിമയങ്ങളുടെ പ്രാധാന്യത്തെ കുറിച്ചു ഊന്നി പറയുകയും ചെയ്തു. സിനിമാ നിര്മാണത്തിലെ സഹകരണത്തെ കുറിച്ച് ഇരു വിഭാഗവും ചര്ച്ച ചെയ്തു, ' മാനസ് ' എന്ന മഹാകാവ്യത്തിന്റെ സംയുക്ത നാടക നിര്മ്മാണതേ കുറിച്ച് കീര്ഗീസ് വിഭാഗം ഒരു നിര്ദേശം മുന്നോട്ട് വയ്ക്കുകയും ചെയ്തു.

8. സെപ്തംബര് 2013 ല് കീര്ഗീസ് പ്രതിരോധ മന്ത്രി ഇന്ത്യ വിജയകരമായി സന്ദര്ശിച്ചത് ഇരു ഭാഗങ്ങളും ഓര്ത്തു , പുരോഗമിക്കുന്ന ഉഭയകക്ഷി മിലിട്ടറി സാങ്കേതിക സഹകരണത്തില് അവര് സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. അഫ്ഗാനിസ്ഥാനിലെ സുരക്ഷാ സ്ഥിതിവിശേഷത്തിന്റെ പശ്ചാത്തലത്തില് തീവ്രവാദ പ്രതിരോധ മേഖലയില് കുറച്ചു കൂടി അടുപ്പമുള്ള സഹകരണത്തിന് ഇരു വിഭാഗവും കൂടുതല് ഊന്നല് നല്കുകയുണ്ടായി.

9. ഐക്യരാഷ്ട്രസഭാ നവീകരണത്തിന്റെ പശ്ചാത്തലത്തില് ഐക്യരാഷ്ട്ര സഭയിലുള്ള തങ്ങളുടെ സഹകരണം കൂടുതല് അടുപ്പം ഉള്ളതാക്കുവാന് ഇരു വശങ്ങളും തീരുമാനിച്ചു . ഐക്യരാഷ്ട്ര സുരക്ഷാകൌണ്സിലില് ഇന്ത്യക്ക്

സ്ഥിരാംഗത്വത്തിനെ കിര്ഗിസ് പിന്തുണച്ചിരുന്നു .ഷാങ്ഗ്ഹായ് കോ ഓപ്പറേഷന് ഓര്ഗനൈസേഷനില് (SCO) ഇന്ത്യയുടെ പൂര്ണ അംഗത്വത്തിനെയും കിര്ഗിസ് പിന്തുണച്ചിരുന്നു .

10. വളരെയധികം സൌഹൃദവും ഊഷ്മളവും പരസ്പരം മനസ്സിലാക്കുന്നതുമായ അന്തരീക്ഷത്തില് ആയിരുന്നു ചര്ച്ചകള്

ന്യൂ ഡെല്ഹി
ഫെബ്രുവരി 14, 2014